"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - പട്ടാമ്പി ഭാഗ്യക്കുറി സബ് ഓഫീസ് നിലവിൽ പ്രവർത്തിയ്ക്കുന്ന കെട്ടിടത്തിൽനിന്ന് മാറ്റി സ്ഥാപിയ്ക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.464/2025/TAXES തീയതി,തിരുവനന്തപുരം, 16-05-2025

---

പരാമർശം:- 1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 18.03.2024, 22.04.2024 തീയതികളിലെ SLTY/768/2024-MOD INFRA1 SL നമ്പർ കത്തുകൾ

2. 27.02.2025-ലെ സ.ഉ.(സാധാ) നം.177/2025/ടാക്സസ് .

**ഉത്തരവ്**

സർക്കാർ ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്ക് മുകൾ നിലകളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ താഴത്തെ നിലകളിലേക്ക് മാറ്റുന്നതിനും ഭിന്നശേഷി സൗഹൃദമാക്കുന്നതിനും നടപടി സ്വീകരിയ്ക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന് തുടർച്ചയായി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ജില്ലാ-സബ് ഓഫീസുകൾ ഉൾപ്പെടെ 21 ഓഫീസുകൾ അനുയോജ്യമായ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് പരാമർശം (2) പ്രകാരം തത്വത്തിൽ അനുമതി നല്കി ഉത്തരവായിരുന്നു.

2. പാലക്കാട് ജില്ലയിലെ പട്ടാമ്പി ഭാഗ്യക്കുറി സബ് ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി BSNL -ന്റെ ഉടമസ്ഥതയിലുള്ള 2178 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടം കണ്ടെത്തിയിട്ടുണ്ടെന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നിലയിൽ 972 sqft ന് ₹42/- + 18% GST നിരക്കും, 3 വർഷം കൂടുമ്പോൾ 15% വാടക വർദ്ധനവോ അല്ലെങ്കിൽ അപ്പോൾ നിലവിലുള്ള മാർക്കറ്റ് നിരക്കനുസരിച്ചുള്ള വാടക വർദ്ധനവോ നൽകണമെന്നാണ് BSNL ആവശ്യപ്പെട്ടിട്ടുള്ളതെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പട്ടാമ്പി ഭാഗ്യക്കുറി ഓഫീസ് ഷിഫ്റ്റ് ചെയ്യുന്നതിന് അനുയോജ്യമായ മറ്റൊരു സർക്കാർ കെട്ടിടം ലഭ്യമല്ലെന്ന പൊതുമരാമത്ത് വകുപ്പിന്റെ സാക്ഷ്യപത്രം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ഈ സാഹചര്യത്തിൽ, മേൽ

പ്രസ്താവിച്ച പ്രതിമാസ വാടക നിരക്കിൽ ടി കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിനും മൂന്ന് വർഷം കൂടുമ്പോൾ **15%** വർദ്ധനവ് വാടകയിൽ വരുത്തുന്നതിനും അനുമതി നല്കണമെന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടാമ്പി ഭാഗ്യക്കുറി സബ് ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി കണ്ടെത്തിയിട്ടുള്ള **BSNL**-ന്റെ ഉടമസ്ഥതയിലുള്ള **2178** ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടത്തിന്റെ താഴത്തെ നില **(972 sqft)** ഒരു സ്ക്വയർ ഫീറ്റിന് **₹42/- + 18% GST** നിരക്കിലും മുകളിലത്തെ നില **(1,206sqft)** ഒരു സ്ക്വയർ ഫീറ്റിന് **₹40/- + 18% GST** നിരക്കിലും വാടകക്ക് എടുക്കുന്നതിനും, ബി.എസ്.എൻ.എൽ റെന്റിങ് ഔട്ട് പോളിസി **2020** പ്രകാരം വാടകയിൽ പ്രതിവർഷം **5%** അല്ലെങ്കിൽ **3** വർഷത്തിൽ **15%** എന്ന നിരക്കിൽ വർദ്ധനവ് വരുത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**MANOJ K**
ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
4. ധനകാര്യ വകുപ്പ് **(14.05.2025, -**ലെ **3077649 Exp- B1/137/2025-Fin** പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി **(TAXES-H1/106/2024-TAXES)**

ഉത്തരവിൻ പ്രകാരം
Signed by
Babu. G
Date: 16-05-2025 14:57:41
സെക്ഷൻ ഓഫീസർ